**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കിംഗ് ഭരണരംഗത്തെ സ്ത്രീ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന് മാതൃകയായി മാറുന്ന തരത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് ഭരണരംഗത്തെ സ്ത്രീപങ്കാളിത്തം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ സംഘം നിയമം വകുപ്പ് 28എ(1) പ്രകാരം എല്ലാ സഹകരണ സംഘം ഭരണസമിതികളിലും 3 വനിത അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തിയതിലൂടെ സഹകരണ ബാങ്കിംഗ് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളുടെ ഭരണ സമിതികളിലും സ്ത്രീ പങ്കാളിത്തം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിൽ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സഹകരണ മേഖലയിൽ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നിലവിൽ തീരുമാനങ്ങൾ പരിഗണിനയിൽ ഇല്ല. എന്നാൽ സഹകരണ മേഖലയിൽ കൂടുതൽ വനിതകൾ കടന്നു വരുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മൂന്ന് യുവ വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ സഹകരണ മേഖലയിൽ നടപ്പാക്കുന്ന സ്ത്രീ സൗഹൃദ പരിപാടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വനിത സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിത ഫെഡറേഷനും തൊഴിലവസരം സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക സബ്സിഡി, ഓഹരി എന്നീ ഇനങ്ങളിലായിട്ടാണ് അനുവദിക്കുന്നത്. വനിത സഹകരണ സംഘങ്ങളും വനിത ഫെഡറേഷനും സമർപ്പിക്കുന്ന പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി തുക അനുവദിക്കുന്നത് 2022-23 സാമ്പത്തിക വർഷം 33 വനിത സംഘങ്ങൾകകായി 157.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • വനിത സഹകരണ സംഘങ്ങൾ വഴി വനിതകളുടെ ഉന്നമനത്തിനായി കോഫി ഷോപ്പ്, വനിത ഹോട്ടൽ, ഡ്രൈവിംഗ് സ്കൂൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിൽ നിന്നും 1.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ